# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3273 — 19.06.2018-ൽ മറുപടിക്ക്

### എണ്ണക്കാട് കൊട്ടാരം സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.സജി ചെറിയാൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചരിത്ര സ്മരണകൾ കുടികൊള്ളുന്നതും ഒട്ടേറെ രാഷ്ട്രീയ സംഭവങ്ങൾക്ക് വേദിയായിട്ടുള്ളതുമായ ചെങ്ങന്നൂർ മണ്ഡലത്തിലെ എണ്ണക്കാട് കൊട്ടാരവും പരിസരവും ഇന്നും സംരക്ഷണം ലഭിക്കാതെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അടിയന്തരമായി ഈ സ്ഥാപനം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) | എണ്ണക്കാട് കൊട്ടാരത്തിന്റെ പുരാവസ്തു മൂല്യവും പ്രാധാന്യവും പരിശോധിച്ച് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത വകുപ്പിന് കീഴിൽപ്പെടുന്ന എല്ലാ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (സി) | ചെങ്ങന്നൂർ മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമുള്ള പക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ കട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രം, പാണക്കാട് മുതവഴി സുബ്രഹ്മണ്യ ക്ഷേത്രം എന്നിവിടങ്ങളിൽ സമഗ്ര സംരക്ഷണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം, ചെങ്ങന്നൂർ നരസിംഹസ്വാമി ക്ഷേത്രം എന്നിവയും വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. |

സെക്ഷൻ ഓഫീസർ